പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ : 923

13.06.2012-ൽ മറുപടിയ്ക്ക്

## ക്രൂയിസ് വെസൽ സാധ്യതാ പഠനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എ.എ.അസീസ്<br>ശ്രീ. കോവൂർ കുഞ്ഞുമോൻ | ശ്രീ. എ.പി.അനിൽകുമാർ<br>(പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി). |
| എ) സംസ്ഥാനത്ത് വിഴിഞ്ഞം മുതൽ മംഗലാപുരം വരെയുള്ള കടൽത്തീരത്ത് ക്രൂയിസ് വെസൽ പ്രവർത്തിപ്പിക്കാനുള്ള സാധ്യതാ പഠനം നടത്തിയിട്ടുണ്ടോ; | എ) ഉണ്ട് |
| ബി) എങ്കിൽ ആരാണ് സാധ്യതാ പഠനം നടത്തിയത്; പഠനത്തിലൂടെ എത്തിച്ചേരുന്ന നിഗമനങ്ങളുടെ വിശദ വിവരം ലഭ്യമാക്കുമോ; | ബി) ടൂറിസം രംഗത്തെ അടിസ്ഥാന സൗകര്യ വികസനത്തിനായി രൂപീകരിച്ച ടൂറിസ്റ്റ് റിസോർട്സ് കേരള ലിമിറ്റഡ്, നാറ്റ്പാക് എന്ന സ്ഥാപനം മുഖാന്തിരം സാധ്യതാ പഠനം നടത്തിയിട്ടുണ്ട്. ഉയർന്ന മൂലധന നിക്ഷേപം ആവശ്യമായ ഈ പദ്ധതി, പൊതു സ്വകാര്യ പങ്കാളിത്തത്തോടെ, വയബിലിറ്റി ഗ്യാപ് ഫണ്ടിംഗ് മാതൃകയിൽ, സർക്കാരിൻ്റെ വലിയതോതിലുള്ള ധനസഹായത്തോടുകൂടി മാത്രമേ നടപ്പിലാക്കാൻ സാധിക്കുകയുള്ളൂ എന്ന നിഗമനത്തിലാണ് എത്തിച്ചേർന്നിരുന്നത്. |
| സി) ഈ പദ്ധതി നടപ്പിലാക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ? | സി) പ്രാഥമിക അവലോകനത്തിൽ പദ്ധതിയുടെ പ്രായോഗിക സാദ്ധ്യത ഉറപ്പ് വരുത്തുവാൻ സാധിക്കാത്തതിനാൽ ഈ പദ്ധതി നടപ്പിലാക്കുന്നത് നിലവിൽ അഭികാമ്യമല്ല എന്ന നിഗമനത്തിൽ എത്തിച്ചേരുകയുണ്ടായി. അതിനാൽ പദ്ധതി നടപ്പിലാക്കുന്നതിന് തുടർ നടപടികൾ സ്വീകരിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ